**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1979** **01-09-2022 - ൽ മറുപടിയ്ക്ക്**

**കെ. ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇരുപത് ലക്ഷം പാവപ്പെട്ടവർക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകുക എന്ന കെ. ഫോൺ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം എന്നേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ? | (എ) | സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാനും ലക്ഷ്യമിട്ടിരിക്കുന്ന കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ 83 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. പദ്ധതിയുമായി ബന്ധപ്പെട്ട ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ ലൈസൻസും (IP) ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ ലൈസൻസും (ISP)കെ-ഫോൺ ലിമിറ്റഡിന് ലഭ്യമായിട്ടുണ്ട്. പൊതുജനങ്ങൾക്ക് കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ/ നടപടിക്രമങ്ങൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടി സെക്രട്ടറിതല സമിതി സ്വീകരിച്ചു വരുന്നു. കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിന്റെ ആദ്യ ഘട്ടത്തിൽ ഓരോ നിയമസഭാമണ്ഡലത്തിലെയും തിരഞ്ഞെടുക്കപ്പെടുന്ന 100 ബി.പി.എൽ. കുടുംബങ്ങൾക്ക് വീതം സൗജന്യ കണക്ഷൻ നൽകുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ